Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. KITE/2026/1562 (102) തീയതി : 23.11.2026

സർക്കുലർ

വിഷയം:- കൈറ്റ് - ലിറ്റിൽ കൈറ്റ്സ് 2024-2027 ബാച്ചിലെ അംഗങ്ങൾക്ക് അസൈൻമെന്റ് നൽകുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1. സർക്കാർ ഉത്തരവ് (സാധാ)നം.361/2018 പൊ.വി.വ. തിയതി 20.01.2018.
2. ഈ ഓഫീസിലെ 21.05.2026-ലെ കൈറ്റ്/2026/1562 (61) നമ്പർ സർക്കുലർ.

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളിലെ അംഗങ്ങൾ യൂണിറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി വ്യക്തിഗത അസൈൻമെന്റുകൾ തയ്യാറാക്കി സമർപ്പിക്കണമെന്ന് ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളുടെ മാർഗനിർദ്ദേശത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. എല്ലാ അംഗങ്ങളും അവർക്ക് താല്പര്യമുള്ള മേഖലകളിൽ (അനിമേഷൻ, ഗ്രാഫിക്സ്, പ്രോഗ്രാമിംഗ്/ആർഡിനോ/റോബോട്ടിക്സ്) ഒരു വ്യക്തിഗത അസൈൻമെന്റ് അനുബന്ധമായി ചേർത്തിരിക്കുന്ന മാർഗ നിർദേശങ്ങൾക്കനുസരണം തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. 2024-27 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ അസൈൻമെന്റ് സമർപ്പണം സംബന്ധിച്ച താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. എല്ലാ അംഗങ്ങളും അവർ തെരഞ്ഞെടുത്ത മേഖലയെ അടിസ്ഥാനമാക്കി ഒരു പ്രവർത്തനം വ്യക്തിഗത അസൈൻമെന്റായി പൂർത്തീകരിച്ച് ഡിസംബർ 20-നകം കൈറ്റ് മെന്റർമാർക്ക് നൽക്കേണ്ടതാണ്.
2. അസൈൻമെന്റ് പൂർത്തിയാക്കുന്നതിന് കൈറ്റ് മെന്റർമാർ ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കേണ്ടതാണ്.
3. എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അസൈൻമെന്റ് തയ്യാറാക്കുന്നത് സംബന്ധിച്ച നിർദേശം നൽകേണ്ടതാണ്. (നിർദേശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്).

സ്കൂൾ പ്രവൃത്തി സമയത്തിനുശേഷം ആവശ്യമായ ദിവസങ്ങളിൽ സ്കൂൾ മേലധികാരിയുടെ അനുവാദത്തോടെ കമ്പ്യൂട്ടർ ലാബ് അസൈൻമെന്റ് പൂർത്തീകരണത്തിനായി ഉപയോഗിക്കാവു ന്നതാണ്.

അസൈൻമെന്റിന്റേയും ഗ്രൂപ്പ് പ്രവർത്തനങ്ങളുടേയും മൂല്യനിർണയം സംബന്ധിച്ച വിശദാംശം കൈറ്റ് ലഭ്യമാക്കുന്നതാണ്.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ ജില്ലാ കോ-ഓർഡിനേറ്റർ/മാസ്റ്റർട്രെയിനർ കോ-ഓർഡിനേറ്റർ/മാസ്റ്റർട്രെയിനർമാർക്കും
ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച സ്കൂളിലെ പ്രഥമാധ്യാപകർക്കും (കൈറ്റ് ജില്ലാകോ-ഓർഡിനേറ്റർ മുഖേന)
അക്കാഡമിക് വിഭാഗം/അക്കൗണ്ട്സ് വിഭാഗം, കൈറ്റ്
സ്റ്റോക്ക് ഫയൽ

അനുബന്ധം

ലിറ്റിൽകൈറ്റ്സ് അസൈൻമെന്റ് തയ്യാറാക്കൽ – നിർദ്ദേശങ്ങൾ

1. **അസൈൻമെന്റ് (വ്യക്തിഗതം)**

- ഒരു വിദ്യാർഥി മുഖേന നൽകിയ ഏതെങ്കിലും ഒരു വിഷയത്തിലുള്ള അസൈൻമെന്റ് പൂർത്തിയാക്കേണ്ടതാണ്.
    - അനിമേഷൻ
        - ബോധവത്കരണവുമായി ബന്ധപ്പെട്ട ഒരു പ്രമേയം അടിസ്ഥാനമാക്കി മൂന്നു മിനിട്ടിൽ കവിയാത്ത അനിമേഷൻ സിനിമ.
        - പരിസ്ഥിതി, പരിസര ശുചീകരണം, ട്രാഫിക് ബോധവത്കരണം, ലഹരി ആപത്ത്, സൈബർ സുരക്ഷ എന്നീ വിഷയങ്ങളിൽ അനിമേഷൻ സിനിമകൾ.
    - ഗ്രാഫിക്സ് ഡിസൈനിങ്
        - പോസ്റ്ററുകൾ, ബാനറുകൾ, വെബ്പേജ് ബാനർ, ബ്രോഷർ, ഫോൾഡ് ഡിസൈനുകൾ, പരസ്യം.
    - പ്രോഗ്രാമിങ്/ആർഡിനോ/റോബോട്ടിക്സ്
        - ലിറ്റിൽ കൈറ്റ്സ് പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് പരിചയപ്പെട്ട ആശയങ്ങളെ പ്രയോജനപ്പെടുത്തിയുള്ള നൂതനസാഹചര്യങ്ങളിലുള്ള പ്രയോഗം.

നിർദ്ദേശങ്ങൾ

- ലിറ്റിൽകൈറ്റ്സ് പാഠ്യപദ്ധതിയിൽ പരിചയപ്പെട്ട സോഫ്റ്റ്വെയറുകളും ഐ.ടി@സ്കൂൾ ഗ്നു/ലിനക്സിൽ ഉൾപ്പെടുത്തിയ സോഫ്റ്റ്വെയറുകളും അസൈൻമെന്റിനായി ഉപയോഗിക്കേണ്ടതാണ്.
- അസൈൻമെന്റ് വിദ്യാർഥി സ്വയം തയാറാക്കിയതാവണം.
- തയാറാക്കുന്ന ഉല്പന്നം (സോഫ്റ്റ്വെയർ ഉപയോഗിച്ചുള്ള പ്രവർത്തനമാണെങ്കിൽ പ്രോജക്ട് ഫയലുകളും എക്സ്പോർട്ടഡ് ഫയലും, ഡോക്യുമെന്ററിയുടെ ഷൂട്ട് ചെയ്ത raw ഫയലുകൾ മുതലായവ), പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് എന്നിവ കൈറ്റ് മെന്റർക്ക് നൽകേണ്ടതാണ്.
- റിപ്പോർട്ട് എഴുതിയോ ടൈപ്പ് ചെയ്ത് പ്രിന്റ് ചെയ്തോ തയാറാക്കേണ്ടതാണ്.